(സി) 2004-2005 സാമ്പത്തിക വർഷത്തിൽ കമ്പോളത്തിൽ ഇടപെടുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് എത്ര കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിലനിലവാരം പിടിച്ചുനിറുത്തുന്നതിനും കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ 839 മാവേലി സ്റ്റോർ, 121 ലാഭം മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്തുവരുന്നു. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവ വേളകളിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിച്ചു നിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സംസ്ഥാനത്തൊട്ടാകെ ഫെയറുകളും, മാർക്കറ്റുകളും സംഘടിപ്പിച്ച് അത്യാവശ്യ സാധനങ്ങളും പച്ചക്കറികളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ലോറി സമരം തുടങ്ങി അടിയന്തിരഘട്ടങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറികൾ വാങ്ങി ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യമുള്ള ലാഭം സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം 79 ലാഭം മാർക്കറ്റുകൾ കൂടി തുടങ്ങുവാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിലും പ്രധാന കവലകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി എടുത്തുവരുന്നു.

(സി) 60 കോടി രൂപ.

കേരളത്തിൽ റേഷൻ അരി വിതരണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ

34 [2897] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റേഷൻ അരി വിതരണത്തിന്റെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ;

(ബി) പ്രായപൂർത്തിയായ ഒരംഗത്തിനും പ്രായപൂർത്തിയാകാത്ത അംഗത്തിനും ന്യായവില ഷോപ്പിലൂടെ പ്രതിദിനം ഇപ്പോൾ നൽകുന്ന അരിയുടെ അളവ് എത്രയാണെന്ന് അറിയിക്കാമോ;

(സി) 2004 ജനുവരി മുതൽ 6 മാസം റേഷൻ ഷാപ്പിലൂടെ വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ ഓരോ മാസത്തേയും വിതരണത്തിന്റെ കണക്ക് ജില്ല തിരിച്ച് എത്രയാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയ്ക്ക് ഇപ്പോൾ ഈടാക്കിവരുന്ന വില എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) റേഷൻ അരി വിതരണത്തിന് സംസ്ഥാന ഗവൺമെന്റിന് ഒരു മാസം വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബി.പി.എൽ., അന്ത്യോദയ അന്നയോജന വിഭാഗത്തിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരി മുഴുവനായും, എ.പി.എൽ. വിഭാഗത്തിൽ 2004 ജൂണിലെ കണക്ക് പ്രകാരം അലോട്ട്മെന്റിന്റെ 5.30 ശതമാനവും ചെലവാക്കിയിട്ടുണ്ട്.

(ബി) 1-6-1997-ൽ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നതോടുകൂടി എ.പി.എൽ., ബി.പി.എൽ., അന്ത്യോദയ അന്നയോജന വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിനും അംഗങ്ങളുടെ എണ്ണമോ പ്രായമോ പരിഗണിക്കാതെ കാർഡൊന്നിന് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം നൽകിവരുന്നു. അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെട്ട കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായും നൽകിവരുന്നു.

(സി) അനുബന്ധം എ, ബി, സി, ഡി ആയി ചേർക്കുന്നു.†

(ഡി) അരിയുടേയും ഗോതമ്പിന്റേയും മണ്ണെണ്ണയുടെയും വിലവിവരം താഴെ ചേർക്കുന്നു:

വില കിലോഗ്രാമിന്

	ബി.പി.എൽ. കാർഡുടമകൾക്ക്	*എ.പി.എൽ. കാർഡുടമകൾക്ക്*	*അന്ത്യോദയ അന്നയോജന*	*അന്നപൂർണ്ണ*
അരി	6.20 രൂ.	8.90 രൂ.	3.00 രൂ.	സൗജന്യം
ഗോതമ്പ്	4.70 രൂ.	6.70 രൂ.	..	..

വില ലിറ്ററിന്

മണ്ണെണ്ണ 9.50 രൂപ മുതൽ 9.70 രൂപ വരെ

(ഇ) അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ പദ്ധതികൾക്കനുസരിച്ചുള്ള റേഷൻ വിതരണത്തിനായി സംസ്ഥാന സർക്കാരിന് പ്രതിമാസം ശരാശരി 61.70 ലക്ഷം രൂപ ചെലവ് വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly